SHORT NOTICE QUESTION.

PRESIDENT: I have received notice of a short notice question from Mr. Jebamony Nadar in the following terms:

"As there seems to be an amount of misunderstanding regarding the paddy purchase rules, with reference to the matters covered by the appended questions and as they are recent and important matters, I shall thank you to be so good as to treat them as short notice questions.

Purchase of paddy.

Will the Government be pleased to state whether order R. O. C. No. 11260/43/C. F. S. dated 16th July regarding purchase of paddy during next harvest, modifies the provisions in the previous Press Communique dated 1st February 1943, to the effect that holders of lands whose total holdings are less than one acre in extent are not liable to sell to Government?

Actual area under paddy

With reference to R. O. C. No. 11260/43/C. F. S. dated 16th July 1943 will the Government be pleased to state whether any and what steps have been taken to ascertain the actual area under paddy during the current season in the three southern taluks of Tovala, Agastiswaram and Kalkulam and also other taluks?

Recent statement by the Dewan.

Will the Government be pleased to state whether the necessary modification of the rules regarding purchase of paddy have been issued in accordance with the statement of the Dewan to this Assembly during the general discussion of the budget, to the effect that it is not the desire of Government to take the whole paddy without making sufficient provision for the means of subsistence, seeds for cultivation etc., and that the idea is to take only the balance that may remain after giving what is necessary for the land holder and that it is not at all the intention of Government to prevent the man who cultivates lands from getting the legitimate fruit of his enterprises?"

Now what I propose to do is, as it would not be satisfactory to give an answer off-hand and as the House is sitting for two more days, the answer will be furnished to this House on Friday morning and I therefore direct accordingly.

DEMANDS FOR GRANTS—(*Contd.*)

DEMAND XXIII—UPLIFT OF BACKWARD COMMUNITIES—(*Contd.*)

MR. R. VASUDEVA PUDUVAL: സർ, തിരുവിതാംകൂറിലെ പിന്നോക്കസമുദായവകുപ്പിലെ പ്രവർത്തനങ്ങൾക്കായി അടുത്തകൊല്ലത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുകയിൽനിന്നും ഒരു പ കറയ്ക്കണമെന്ന ഒരു ഖണ്ഡനോപക്ഷേപം ശ്രീമതി നാരായണി അമ്മ ഇവിടെ അവതരിപ്പിക്കയുണ്ടായി. അതിനെ പിൻതാങ്ങിയ പല മെമ്പറന്മാരും അവരുടെ അഭിപ്രായങ്ങൾ ഇവിടെ പറഞ്ഞുകൂട്ടത്തിൽ, തിരുവിതാംകൂറിലെ അവശസമുദായോദ്ധാരണപ്രവർത്തനത്തെ അഭിനന്ദിച്ചും ശ്ലാഘിച്ചും പ്രസ്താവിച്ചതിന് ഞാൻ അവരോട് ആദ്യമായി നന്ദിപറഞ്ഞുകൊള്ളട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

സ്ർ, ഈ രാജ്യത്തെ പിന്നോക്കസമുദായങ്ങൾക്കായുള്ള പ്രവൃത്തനങ്ങളിൽ ക്രമപ്രവൃദ്ധമായ അഭിവൃദ്ധിക്കുള്ള പ്രധാനകാരണങ്ങൾ അവിടത്തെ ഉപദേശവും നിയന്ത്രണവും, നിർദ്ദേശങ്ങളുമാണെന്ന് ഞാൻ ഈ സഭയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഇൻഡ്യയിലുള്ള പല നാട്ടുരാജ്യങ്ങളേയും ബ്രിട്ടീഷ് പ്രാവിൻസുകളേയും അപേക്ഷിച്ച് തിരുവിതാംകൂറിൽ പിന്നോക്കസമുദായോദ്ധാരണം കൂടുതൽ പ്രയോഗപ്രാപ്തിയിൽ എത്തിച്ചേർന്നിട്ടുണ്ടെന്ന് എനിക്ക് ധൈര്യസമേതം പറയുവാൻ കഴിയും. ഇവിടെയുള്ളതുപോലെ വിദ്യാഭ്യാസസൌജന്യം മറെറാരിടത്തും ഇല്ല. ഒന്നരലക്ഷത്തിൽപരം രൂപാ പിന്നോക്കസമുദായങ്ങളുടെ വിദ്യാഭ്യാസവിഷയത്തിൽ ഗവണ്മെൻറിന് ചിലവാകുന്നുണ്ട്; അതായത് ഫീസ് സൌജന്യം, പകുതിഫീസ് സൌജന്യം, വസ്ത്രദാനം, പുസ്തകദാനം മുതലായവയ്ക്കു്. ഇതിനുംപുറമെ ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നും ഇവക്കുവേണ്ടി മൂന്നു ഹോസ്റ്റൽ തുറന്നിട്ടുണ്ട്. പെൺകുട്ടികളുടെ സൌകര്യങ്ങൾക്കായി നിലവിലിരിക്കുന്ന മറെറാരു സ്ഥാപനങ്ങളായ ഹിന്ദുമഹിളാമന്ദിരം, സ്ത്രീധർമ്മാലയം, ഇവയ്ക്കു് ഗവൺമെൻറ് രൂപാവീതം സഹായധനവും നൽകിവരുന്നു. ഇതു കൂടാതെ കോളേജിൽ പഠിക്കുന്നതിനു് പ്രത്യേക സൌകര്യവും ചെയ്തുകൊടുത്തിട്ടുണ്ട്.

MR. K. KUNJU PANICKER: ഈ ഗ്രാൻറു കൊടുക്കുന്നതെല്ലാം പിന്നോക്കസമുദായങ്ങളുടെ ഉപയോഗത്തിനു മാത്രമാണോ?

MR. R. VASUDEVA PUDUVAL: അതെ, അവരുടെ സൌകര്യത്തെ മാത്രം ഉദ്ദേശിച്ചാണു്. സ്ർ, ഇപ്പോൾ പിന്നോക്കസമുദായത്തിൽപെട്ട പെൺകുട്ടികളിൽ വളരെ കുറച്ചുപേർമാത്രമേ ഉന്നതവിദ്യാഭ്യാസത്തിനായി മുന്നോട്ടുവരുന്നുള്ളൂ. ഇപ്പോൾ കോളേജിൽ ചേർന്നിട്ടുള്ള ർ പെൺകുട്ടികളും തന്നേയും, അപ്രകാരം ചെയ്തിട്ടുള്ളതു് എൻെറ പ്രേരണയുടേയും, പ്രോത്സാഹനത്തിൻേറയും ഫലമായിട്ടാണു്. അവരിൽ രണ്ടുപേരെ എസ്സ്. എൻ. വി. സദനത്തിലും, രണ്ടുപേരെ സ്ത്രീധർമ്മാലയത്തിലും, അവരുടെ സുഖസൌകര്യങ്ങളെ പുരസ്കരിച്ച് താമസിപ്പിക്കുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ പെൺകുട്ടികളെ താമസിപ്പിച്ചിരിക്കുന്നതുതന്നെ അവരുടെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുന്നതിനും തൻമൂലം അവരുടെ ഭാവിജീവിതം ശോഭനമാകുന്നതിനുമാണു്. അതല്ലാ ഇവരെ പെൺകുട്ടികൾക്കായിട്ടുള്ള മറെറാരു സ്ഥാപനങ്ങളിൽ അയച്ചു താമസിപ്പിക്കണമെന്നു് ഏതെങ്കിലും മെംബർ അഭിപ്രായപ്പെടുന്നപക്ഷം ഞാൻ അതിനും സന്നദ്ധനാണു്.

LIBRARY ARCHIVES Kerala Legislative Assembly

SRIMATI T. NARAYANI AMMA : Sir, I have not much to say by way of reply. The object of my cut motion is to draw the attention of the Government to the necessity for further improvements in the arrangements for the hostel accommodation of women students belonging to the backward communities. But I was astounded by the reply given by the Protector of Backward Communities especially the portion relating to me. I crave your indulgence for removing the impression that he has sought to create by that statement.

PRESIDENT : What is the impression that is created ?

SRIMATI T. NARAYANI AMMA : He has said that arrangements are made for housing one woman student in my house.

PRESIDENT : Is it so ?

MR. R. VASUDEVA PUDUVAL : I only said that the honourable member, Sry. Narayani Amma, was accommodating one student.

SRIMATI T. NARAYANI AMMA : May I know whether the honourable member knows why she is accommodated in my house ?

PRESIDENT : Matters of domiciliary character are not proper subjects for discussion on the floor of the House. If the honourable member, Srimati Narayani Amma, out of her generosity, is willing to accommodate any student in her house, it is her look-out.

SRIMATI T. NARAYANI AMMA : It is on account of the difficulty in getting accommodation in the Government Collegiate Hostel or other Hostels which are getting grants from the Government that this girl is accommodated in my house.

PRESIDENT : The fact that Srimati Narayani Amma has been generous enough to accommodate the student in her house is brought to the notice of the House.

SRIMATI T. NARAYANI AMMA : It is because she did not get accommodation in any of the Hostels that she is accommodated in my house. I am astounded at the reply of the Protector of Backward Classes because, Sir, the fact is that at the annual Backward Classes Conference held.——

PRESIDENT : Does the 'astounding' continue even now ?

SRIMATI T. NARAYANI AMMA : I want an assurance that the girl referred to will be given accommodation either in the Government Collegiate Hostel or any other Hostel, that receives grand from Government.

PRESIDENT : I take it that the object of the honourable member is to show that the accommodation provided by the Government is so bad that particular individuals have to exercise their generosity. Government do realise the implication of the member's cut motion.

SRIMATI T. NARAYANI AMMA : I want an assurance that she will be given accommodation in any of the Hostels.

The motion, by leave, was withdrawn.

PEESIDENT : Honourable members will exercise their discretion in choosing the most important cut motions for discussion.

LIBRARY ARCHIVES Kerala Legislative Assembly

MR. KAVIYOOR K. K. KOCHU KUNJU : സർ, അവശസമുദായ ഡിപ്പാർട്ടുമെൻറിൽ ഡയറക്ഷൻ ഇനത്തിൽ നീക്കിവച്ചിട്ടുള്ള നൂറു രൂപായിൽനിന്നും ഒരു രൂപാ കഠക്കണമെന്നുള്ള ഉപക്ഷേപം കരുണയേറിയ ഗവണ്മെൻറിന്റേയും അവശജന ഗുണകാംക്ഷികളായി ഇവിടെ സന്നിഹിതരായിട്ടുള്ള ബഹുമാനപ്പെട്ട സാമാജികന്മാരുടേയും ഉള്ളുഴിഞ്ഞ സഹായം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഇവിടെ സാദരം അവതരിപ്പിക്കുന്നു.

ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു് അവശസമുദായ ഡിപ്പാർട്ടുമെൻറിൽ അടിയന്തിരമായി വരുത്തേണ്ട ചില പരിഷ്ക്കാരങ്ങളുടെ ആവശ്യകത ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽ വിധേയമാക്കുവാൻവേണ്ടി മാത്രമാണു്. ഇതുസംബന്ധിച്ചു് ഏറ്റവും വിനീതനായി എനിക്കു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തുവാനുള്ളതു്, അവശസമുദായഡിപ്പാർട്ടുമെൻറു് സ്വതന്ത്രമാക്കി, ഇവിടത്തെ അവശസമുദായങ്ങളെക്കുറിച്ചു് ശരിയായ പരിജ്ഞാനവും അവശജനങ്ങളോടു് യഥാർത്ഥ വാത്സല്യവും ദയവും ഉള്ള മറ്റാരേയെങ്കിലും ചുമതലപ്പെടുത്തുകയും ഒരു ശരിയായ ഉപദേശക സമിതി രൂപീകരിക്കയും ചെയ്യേണ്ട കാലം അതിക്രമിച്ചുപോയി എന്നുള്ളതാണു്.

അതി മഹത്തായ ക്ഷേത്രപ്രവേശനതിരുവെഴുത്തു വിളംബരംമൂലം അനുഗ്രഹീതരായിരിക്കുന്ന ഇവിടത്തെ അവശലക്ഷങ്ങളുടെ അഭ്യുന്നതിയെ പരമലക്ഷ്യമാക്കി ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നും കരുണാപൂർവ്വം ഏർപ്പെടുത്തീട്ടുള്ള അവശസമുദായ ഡിപ്പാർട്ടുമെൻറു് ഇതര നാട്ടരാജ്യങ്ങളിലെ അവശസമുദായവകുപ്പിനു് ഒരു ഉത്തമമാതൃകയായി ശോഭിക്കത്തക്കവിധം ഇവിടത്തെ അവശസമുദായഡിപ്പാർട്ടുമെൻറിനു് അനുയോജ്യമായ പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതു് അത്യന്താപേക്ഷിതമാണെന്നു് ഞാൻ വിനയപൂർവം അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

സർ, ഇവിടത്തെ അവശലക്ഷങ്ങളുടെ ശ്രേയസ കരഭാവിയെ പരമലക്ഷ്യമാക്കി ഒരു പരിശ്രുദ്ധോദ്ദേശത്തോടുകൂടി ഏർപ്പെടുത്തിയിരിക്കുന്ന ഈ ധാർമ്മിക സ്ഥാപനത്തെക്കുറിച്ചു് അല്പമായിട്ടെങ്കിലും ഒരു നിരുപണരൂപത്തിൽ പറയേണ്ടിവരുന്നതിൽ എനിക്കു് അനല്പമായ മനസ്താപമുണ്ടു്. എന്നാൽ അവശസമുദായ ഡിപ്പാർട്ടുമെൻറിൽ തുല്യ ദുഃഖിതരായ ചില സമുദായങ്ങൾക്കുള്ള അനുഭവവും ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ സദുദ്ദേശവും ചിന്തിക്കുമ്പോൾ ഒരു വിധത്തിലും പറയാതെ കഴിവില്ലാത്തതിനാൽ ഞാൻ ചില സംഗതികളും പറയേണ്ടിവരുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kaviyoor K. K. Kochukunju.]

അവശസമുദായഡിപ്പാർട്ടുമെന്റ് സ്വതന്ത്രമാക്കണമെന്ന് ഞാൻ പ്രസ്താവിക്കുന്നത് കേവലം വെറുതെയല്ല. ഇപ്പോഴത്തെ അവശസമുദായ സംരക്ഷകന് ഒന്നല്ല, രണ്ടല്ല, രണ്ടിലും അധികം ഉദ്യോഗകൃത്യങ്ങളാണ് നിർവഹിക്കേണ്ടിയിരിക്കുന്നു. ഇവിടത്തെ അവശസമുദായോദ്ധരണത്തിനു നിർവഹിക്കേണ്ട കൃത്യങ്ങളോ നിരവധിയാണ്. അവശസമുദായങ്ങളുടെ ശ്രേയസ്സിനു വേണ്ടതു പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു സമയമില്ല. ഒരുകാര്യം ഒന്നിലധികം പ്രാവശ്യം അദ്ദേഹത്തോടു പറയേണ്ടിവന്നാൽ അദ്ദേഹം കോപിഷ്ഠനായി അവശസമുദായത്തിലെ സാധുക്കളായ വ്യക്തികൾക്കും അവശസമുദായ പ്രതിനിധികൾക്കുതന്നെയും അപമതിയും നിരാശയും ലജ്ജയും ഉണ്ടാകത്തക്കവിധമുള്ള സംസാരങ്ങളും പ്രവർത്തനങ്ങളുമാണ് അദ്ദേഹത്തിൽനിന്നും ലഭിക്കുന്നത്. ഞാൻ അദ്ദേഹത്തിന്റെ പേരിൽ വെറുതെ ഒരു ആരോപണം കെട്ടുവരികയല്ലാ ചെയ്യുന്നത്. അദ്ദേഹം അവശസമുദായങ്ങളിൽപെട്ട ചിലരോടു കേവലം നിർദ്ദാക്ഷിണ്യമായിട്ടാണ് പെരുമാറുന്നതെന്നുള്ളതിനു് അനേകം തെളിവുകൾ തരുവാൻ എനിക്കു് കഴിയും.

സർ, അദ്ദേഹത്തിന്റെ ദയവില്ലായ്മയുടെ അഗാധത തെളിയിക്കുവാൻ സമീപകാലത്തു നടന്ന ഒരു സംഭവം ഞാൻ വിശദീകരിക്കാം.

ഹരിജനഹോസ്റ്റലിൽ താമസിച്ചു് ബി. എ. യും ഓണേഴ്സും ക്ലാസുകളിൽ പഠിച്ചു ഉന്നതബിരുദം സമ്പാദിച്ചു് വെളിയിൽ പോയ മി. ആർ. വേലായുധന്റെയും മി. കെ. ആർ. നാരായണന്റെയും കാര്യം ഇന്നലെ ഇവിടെ പല മാന്യ മെമ്പറന്മാരും സ്മരിക്കയുണ്ടായി. അവർ, വർണ്ണവസമുദായത്തിൽ പരവർ എന്ന വിഭാഗത്തിൽപെട്ടവർ ആണെന്നും ഗവണ്മെന്റിന്റെ കാരുണ്യംകൊണ്ടു് അവർക്കു ഗണ്യമായ വിദ്യാഭ്യാസം ലഭിച്ചുഎന്നും ഞാൻ സസന്തോഷം സമ്മതിക്കുകയും ബഹുമാനപ്പെട്ട ഗവണ്മെൻറിനെ അഭിനന്ദിക്കുകയും ഈ ധാർമ്മികപ്രവർത്തി ഞങ്ങൾ നന്ദിപൂർവം സ്മരിക്കയും ചെയ്യുന്നു. എന്നാൽ ഇസ്സംഭവത്തിൽ മി. കെ. ആർ നാരായണന്റേയും മി. ആർ. വേലായുധന്റേയും സമുദായവിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്കു് ഹരിജനഹോസ്റ്റലിൽ പ്രവേശനം തടഞ്ഞിരിക്കുന്നത് എന്തു കാരണവശാലാണെന്നു തീരെ മനസ്സിലാകുന്നില്ല. മുൻപു് പഠിച്ചിരുന്നവർ പ്രശസ്തമാംവണ്ണം ഉന്ന

LIBRARY ARCHIVES Kerala Legislative Assembly

തമ്പിരുദം സമ്പാദിച്ച വെളിയിൽ പോയവേളയിൽ ഇവരിൽപെട്ട മാറു വിദ്യാത്ഥികളുടെ പ്രവേശനം തടഞ്ഞിരിക്കുന്നതിൽനിന്നും ഞങ്ങൾക്ക് പല സംശയങ്ങളും ഉണ്ടായിപോകുന്നു.

സർ, ഈ വർഷത്തിൽ വയ്ക്കം തലയോലപ്പറമ്പു എന്ന സ്ഥലത്തുനിന്നും പറവർ എന്ന വിഭാഗത്തിൽ പെട്ട ഒരു സാധുവിദ്യാത്ഥി തലയോലപ്പറമ്പിൽനിന്നും വണ്ടികയറി തിരുവനന്തപുർത്തെത്തുവാൻ നിവ്വാഹമില്ലാതെ നടന്ന് തിരുവനന്തപുരം വരെ വന്ന പ്രസ്തുത വിദ്യാത്ഥി ഒരു ചെറിയ ഭാണ്ഡക്കെട്ടുമായി ഞങ്ങളുടെ സമാജം ആഫീസിൽ വന്നുചേർന്നു. ഭാണ്ഡക്കെട്ടിൽ ഇരുനാഴിയൊ മുന്നാഴിയൊ അരിയും ഉണ്ടായിരുന്നു. അരിയുമായി വന്നതെന്തിനെന്ന് ഞാൻ ചോദിച്ചപ്പോൾ, "വണ്ടികയറാൻ പണമില്ല, നടന്നാണ് വന്നതു്. യാത്രവേളയിൽ വിശന്നാൽ അറിവുള്ള വീടുകളിൽ കയറി കഞ്ഞിവച്ചു കുടിച്ചശേഷം നടക്കാമെന്നും അപ്രകാരമാണ് ഞാൻ വന്നതെന്നും അയാൾ പറഞ്ഞു. ഇത്ര കഷ്ടപ്പെട്ട് ഇവിടെ വന്നതു് പക്ഷേ ഫലപ്പെടാതെപോയേയ്ക്കും. നമ്മുടെ സമുദായത്തിൽപെട്ട വിദ്യാത്ഥികളെ ഹരിജനഹോസ്റ്റലിൽ ഈ വർഷം മുതൽ പ്രവേശിപ്പിക്കയില്ല എന്നു് തോന്നുന്നു. രണ്ടായാലും അവശസമുദായ സംരക്ഷകൻ അവർകളെ കണ്ട് സങ്കടം പറയുക എന്ന് ഞാൻ വിദ്യാത്ഥിയോടു പറഞ്ഞു. ആ സാധു വിദ്യാർത്ഥി അവശസമുദായസംരക്ഷകനെകണ്ടു സങ്കടം പറഞ്ഞപ്പോൾ ഫീസ്സ് തീസൗജന്യം ഉണ്ടെങ്കിൽ പ്രവേശനം അനുവദിക്കാമെന്നും അല്ലാത്തപക്ഷം സാധ്യമല്ലായെന്നും പറഞ്ഞു, ഒഴിയുകയാണ് ചെയ്തതു്. ആ സാധു ഇവിടെയെല്ലാം നടന്നിട്ട് യാതൊരു രക്ഷയും കാണാതെ ഒടുവിൽ പട്ടം ഇംഗ്ലീഷ് മൈസ്കൂളിൽചെന്ന് പാതിരിയെക്കണ്ട് സങ്കടം പറയുകയും അദ്ദേഹം ഫീസ്സ് മുഴുവൻ സൗജന്യം ചെയ്യ പ്പിപ്പിക്കാമെന്നും ഫീസും ആഹാരവുംകൂടി തരുവാൻ നിവത്തിയില്ലാ എന്നും പറഞ്ഞ വിവരം വിണ്ടും സംരക്ഷകൻ അവർകളെ ധരിപ്പിച്ചു. പറഞ്ഞാൽമാത്രം ആകയില്ല, അപ്രകാരം ഒരു രേഖവേണം എന്ന് അദ്ദേഹം വിദ്യാത്ഥിയോട്ട് പറയുകയും വീണ്ടും പോയി രേഖവാങ്ങി കാണിക്കുകയും ചെയ്തു. ഉടനെ ഹരിജനഹോസ്റ്റൽ തുറക്കുന്നതുവരെ എവിടെ എങ്കിലും താമസിക്കണമെന്നും തുറന്നശേഷം പ്രവേശിപ്പിക്കാമെന്നും അദ്ദേഹം പറഞ്ഞതനുസരിച്ച് ടി വിദ്യാത്ഥി തൈക്കാട്ട്, മേട്ടുക്കട എന്നീ സ്ഥലങ്ങളിൽ ഉള്ള വർണ്ണവകുടുംബങ്ങളിൽനിന്നു ചിലപ്പോഴെല്ലാം ആഹാരം കഴിച്ച് പട്ടത്തു പോയി പഠിച്ചുകൊണ്ടിരുന്നു. ഹരിജനഹോസ്റ്റൽ തുറന്നശേഷം കുറ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kaviyoor K. K. Kochukunju.]

ച്ചടിവസംക്രടി. ടി വിദ്യാത്ഥിയെ പ്രവേശിപ്പിക്കാതെ കഴിച്ചുകൂട്ടിയ ശേഷം, സാദ്ധ്യായനദിവസങ്ങൾ എല്ലാം കഴിഞ്ഞു, മറെറങ്ങും സ്കൂൾ ഇൻസ്പെക്ടർ അവർകളുടെ അനുവാദം കൂടാതെ സ്വീകരിക്കയില്ല എന്നു വന്നതിനുശേഷം ഹോസ്റ്റലിൽ പ്രവേശിപ്പിക്കുവാൻ സാദ്ധ്യമല്ല എന്നു നിർദ്ദാക്ഷിണ്യം പറഞ്ഞു ഉപേക്ഷിക്കുകയാണു ചെയ്തതു്. ഈ വിവരം വിദ്യാത്ഥി എന്നോടു പറയുകയും സ്കൂൾഫൈനൽക്ലാസ്സിലാണെങ്കിൽ സ്വീകരിച്ചുകൊള്ളാമെന്നു അവശസമുദായഡിപ്പാർട്ടുമെൻറിൽനിന്നും മുമ്പു് ലഭിച്ചിട്ടുള്ള ഒരു ലറർ എന്നെ കാണിക്കയും ചെയ്തു. സ്പെഷ്യൽകേസായിട്ടെങ്കിലും ഈ സാധുവിദ്യാത്ഥിയേക്കൂടി സ്വീകരിക്കണമെന്നും മുമ്പു് സ്വീകരിച്ചുകൊള്ളാമെന്നു ലറർ കൊടുത്തിട്ടുണ്ടെന്നും മററും കാണിച്ചു ഒരു ലറർ വിദ്യാർത്ഥിയുടെ കയ്യിൽ ഞാൻ കൊടുത്തയച്ചു. വിദ്യാത്ഥി കത്തുംകൊണ്ടു് ചെന്നസമയം കത്തു് ആരുടെവക എന്നു് അദ്ദേഹം ചോദിക്കയും എൻറെകത്താണെന്നു പറഞ്ഞാപ്പാടെ കവറിൽനിന്നും കത്തു് എടുത്തു് നോക്കുകപോലും ചെയ്യാതെ കവറോടെ കഷണംകഷണമായികീറിട്ടുരെ എറിഞ്ഞശേഷം 'ഞാൻചെയ്യുന്നതു കണ്ടോ ചെന്നു പറയുക' എന്നു പറഞ്ഞു പാവപ്പെട്ട വിദ്യാത്ഥിയെ അവിടെനിന്നും ഓടിക്കയാണു ചെയ്തതു്.

PRESIDENT : Has the honourable member cared to bring it to the notice of the Governmet?

MR. KAVIYOOR K. K. KOCHUKUNJU: ഞാൻഈ വിവരം ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്. പക്ഷേ വിദ്യാത്ഥിയുടെ ദയനീയസ്ഥിതി മാത്രം കാണിച്ചു് എൻറെ ഒരു ലററും വിദ്യാത്ഥിയുടെ ഒരു അപേക്ഷയുംകൂടി ദിവാൻജിഅവർകൾക്കു അയച്ചിട്ടുണ്ടു്.

PRESIDENT : When did this incident occur?

MR. KAVIYOOR K. K. KOCHUKUNJU: അതു് എനിക്കു് തിയതി നല്ല നിശ്ചയമില്ല.

PRESIDENT : Was it six or three months ago?

MR. KAVIYOOR K. K. KOCHUKUNJU: കഴിഞ്ഞ ഇടവമാസത്തിൽ സ്കൂൾ തുറന്നതോടുകൂടിയാണെന്നു തോന്നുന്നു.

PRESIDENT : But why did he not bring it to the notice of the Government?

MR. KAVIYOOR K. K. KOCHUKUNJU : ഞാൻ ഈ വിവരം കാണിച്ചു ഒരു ലറർ ഗവണ്മെൻറിലേയ്ക്കു് അയച്ചുകൊടുത്തിട്ടുണ്ടു്. പക്ഷേ ലറർ കീറിയകാര്യം അതിൽ പറഞ്ഞിട്ടില്ല.

PRESIDENT : Tearing of the letter to pieces. Was it brought to my notice?

LIBRARY ARCHIVES Kerala Legislative Assembly

MR. KAVIYOOR K. K. KOCHUKUNJU : ആ വിദ്യാർത്ഥിമുഖാന്തിരം എനിക്ക് ഇപ്രകാരം ഒരു അപമതി ഉണ്ടായല്ലോ എന്ന വിചാരത്തിൽ എന്റെ അടുത്തു് അയാൾ കരഞ്ഞുകൊണ്ടു് ഈ വിവരങ്ങൾ പറഞ്ഞു. എന്റെ കർത്തവ്യം ഞാൻ നിർവഹിച്ചു. സംരക്ഷകൻ അദ്ദേഹത്തിന്റെ കർത്തവ്യത്തിൽനിന്നും വ്യതിചലിച്ചു എന്നുള്ളതല്ലാതെ നമുക്കു അതുകൊണ്ടു യാതൊരു അപമതിയും വരുവാനില്ല എന്നുപറഞ്ഞു് ഞാൻ വിദ്യാർത്ഥിയെ യാത്രയാക്കി. അസാധു നടന്നതന്നെ വൈക്കം വരെ പോയിട്ടുണ്ടായിരിക്കും.

സർ, അദ്ദേഹത്തിന്റെ ദയവില്ലായ്മയെക്കുറിച്ചു് ഒന്നുകൂടി പറയുന്നപക്ഷം നെയ്യാറ്റിൻകരനിന്നു് മണ്ണാൻസമുദായത്തിൽപ്പെട്ട ഒരു മി. ഗോപാലൻ കാളേജിൽ ചേർന്നു് കഴിഞ്ഞ വർഷം ഹരിജൻഹോസ്റ്റലിൽ താമസിച്ചുകൊണ്ടിരുന്നു. ടി വിദ്യാർത്ഥി ഇൻറർ മീഡിയറ്റ് ക്ലാസിൽ കഴിഞ്ഞവർഷം നല്ല മാർക്ക് വാങ്ങി വിജയിയായി. ഈ വർഷം അയാളുടെ പ്രവേശനം തടഞ്ഞിരിക്കുന്നു. കാരണം അറിഞ്ഞുകൂടാ. ഞാൻ ഹരിജൻ ഹോസ്റ്റലിൽ താമസിക്കുന്ന മറ്റു വിദ്യാർത്ഥികളിൽ പലരോടും അയാളുടെ സ്വഭാവത്തേക്കുറിച്ചു് ചോദിച്ചു. അയാൾ അവിടെയുള്ള മറ്റു വിദ്യാർത്ഥികൾക്കുകൂടി ഒരു മാതൃകയാണെന്നും സ്വഭാവം വളരെ മെച്ചമാണെന്നും പഠിക്കാൻ അതിസമർത്ഥനാണെന്നും കൂട്ടുവിദ്യാർത്ഥികൾക്കു് മി. ഗോപാലനെ ഹോസ്റ്റലിൽനിന്നും ഉപേക്ഷിച്ചതു് സങ്കടമാണെന്നും പറകയുണ്ടായി. സ്വഭാവശുദ്ധിയുള്ളതുകൊണ്ടാണോ എന്റെ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥിയെ ഹരിജനഹോസ്റ്റലിൽ വേണ്ടാ എന്നു വച്ചതെന്നു ഞാൻ സംരക്ഷകൻ അവർകളോടു ചോദിച്ചുകൊള്ളട്ടെ. ടി വിദ്യാർത്ഥി ഇപ്പോഴും കാളേജിൽ അറ്റൻറു ചെയ്തശേഷം ടൗണിൽ പരിചയമുള്ളവരുടെ വീട്ടുവരാന്തയിലും മറ്റുമാണു് രാത്രി കഴിച്ചുകൂട്ടുന്നതു്. സർ, ഇതു് എത്ര ദയനീയമായ ചെയ്തികളാണു്. അവശസമുദായഡിപ്രാർട്ടുമെൻറുകൊണ്ടു് അവശത അനുഭവിക്കുന്ന എല്ലാവർക്കും ഗുണമുണ്ടാകേണ്ടതല്ലേ? ചിലർക്കു് ഇതു് കീഴ്പതിവാണോ? സംരക്ഷകൻ അവർകളോടു് കാര്യമായി പറയുവാൻ തുനിയുന്ന അവശസമുദായപ്രവർത്തകന്മാരോടു് അദ്ദേഹം പറയുന്നതു് എനിക്കു മറ്റു ധാരാളം ജോലികൾ ഉണ്ടു്. അതുകൾ നിർവഹിച്ചശേഷം സമയമുള്ളപ്പോൾ അതിനേക്കുറിച്ചു് ആലോചിക്കാം. അധികം പറഞ്ഞാൽ ഞാൻ ആർക്കും ഒന്നും തരികയില്ല എന്നും മറ്റും അദ്ദേഹത്തിന്റെ സ്വന്തം പണം ചെലവാക്കുന്നതുപോലെയാണു് അദ്ദേഹം പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kaviyoor K. K. Kochukunju]

സർ, ഈ വിധത്തിൽ അനേകം സംഗതികൾ അദ്ദേഹത്തെക്കുറിച്ച് പറയുവാൻ ഉണ്ട്. സമയമില്ലാത്തതിനാൽ ഞാൻ അധികം താമസിപ്പിക്കുന്നില്ല.

സർ, എല്ലാം ഞങ്ങൾ സഹിക്കാം. ഞങ്ങൾക്ക് ഒരിക്കലും ചിന്തിക്കുന്നതിനോ വിശ്വസിക്കുന്നതിനോ നിവൃത്തിയില്ലാത്ത ചില കാര്യങ്ങൾ കൂടി ഞങ്ങളെ വിശ്വസിപ്പിച്ച് രണ്ട് മഹത്തുക്കളെ തെറ്റിദ്ധരിപ്പിക്കുവാൻ സംരക്ഷകൻ അവർകൾ ശ്രമിക്കുന്നു. ഇവിടത്തെ അവശസമുദായങ്ങളുടെ അഭ്യുന്നതിക്ക് സദാ അനുഗ്രഹവർഷം പൊഴിച്ചുകൊണ്ടിരിക്കുന്ന രണ്ട് മഹത്തായ വ്യക്തികൾ ആണ് ദിവാൻജി അവർകളും ചീഫ് സെക്രട്ടറി അവർകളും എന്ന് ഞങ്ങൾ പരിപൂർണ്ണമായി വിശ്വസിക്കുന്ന ഒരു കാര്യമാണ്. ഈ മഹത്തുക്കൾ ചില വ്യക്തികളോടോ ചില സമുദായങ്ങളോടോ ഏതോ വിരോധം ഉണ്ടെന്നും തൻനിമിത്തം ഞാൻ എത്ര അനുകൂലമായി എഴുതി അയച്ചാലും അവർ നിങ്ങൾക്ക് ഒന്നും ചെയ്യുകയില്ലെന്നും ഞാൻ ചെയ്വാൻ ഉള്ളതെല്ലാം ചെയ്ത് നിങ്ങളെ സഹായിക്കാൻ ശ്രമിക്കുന്നു എന്നും മറ്റും പറഞ്ഞു ഞങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ പലപ്പോഴും ശ്രമിക്കുന്നുണ്ട്.

സർ, അവശസമുദായസംരക്ഷകൻ എന്നല്ലാ ഈശ്വരൻ പറഞ്ഞാലും അവശസമുദായങ്ങളുടെ ശ്രേയസ്സിനെ ഹനിക്കുന്നതരത്തിലുള്ള ഒരു കാര്യവും ദിവാൻജി അവർകളും ചീഫ് സെക്രട്ടറി അവർകളും അണുമാത്രമെങ്കിലും ദ്രോഹം ചെയ്യുമെന്ന് വിശ്വസിക്കുവാൻ എനിക്ക് ഹൃദയമില്ല. ക്രൂരതയുടെ അദ്ദേഹം ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന മറ്റൊരു നയം അവശസമുദായവിദ്യാർത്ഥികളെ വാർ സർ.....(സമയം ആയി മണി അടിച്ചതുനിമിത്തം പ്രസംഗം പൂർത്തിയായില്ല.)

SADASYATILAKA T. K. VELU PILLAI: Sir, here we heard very serious allegations against the officer who is performing the duties of the Protector of the Backward Communities. If a tenth part of what Mr. Kochukunju stated is true I am recommending for taking drastic action in the matter. Yesterday a number of honourable members of this House paid a high tribute to the present Protector of the Department. I was able to gather the sincerity of feelings in the expressions of opinion which were made. Now Mr. Kochukunju has made a certain statement of fact. In the fitness of things, if the officer tore away that letter, the matter ought to have been placed before Government at the earliest moment. That matter is very important. When-

LIBRARY ARCHIVES Kerala Legislative Assembly

ever a community is not getting adequate help, it is for Government to consider whether the action of the Protector of Backward Communities is good or bad. But so far as this Protector is concerned several people spoke in terms of great esteem.

MR. P. C. ADICHAN:— സർ, ഞാൻ ഈ ഉപക്ഷേപത്തിന്റെ തത്വത്തോട് യോജിക്കുന്നുണ്ടെങ്കിലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ ചില പ്രസ്താവനകളെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. അവശസമുദായത്തിന്റെ അഭിവൃദ്ധിയെ ലാക്കാക്കി പ്രവർത്തിക്കുന്ന കാര്യത്തിൽ അവശസമുദായ സംരക്ഷകൻ യാതൊരു ഉപേക്ഷയും കാണിക്കുന്നില്ലെന്ന് ധൈര്യമായി എനിക്കു പറയുവാൻ കഴിയും. ഹരിജനസമുദായക്കാരെയാണ് അവശസമുദായ പട്ടികയിൽ കൊള്ളിച്ചിരിക്കുന്നത്. ഈ ഹരിജനസമുദായക്കാരിൽപ്പെട്ട വിദ്യാർത്ഥികളെ ഓരോ കൊല്ലവും ഹരിജനഹോസ്റ്റലിൽ പ്രവേശിപ്പിക്കുന്നുണ്ട്. എന്നാൽ അവിടത്തെ അഡ്മിഷൻ ക്ലോസ് ചെയ്തുകഴിഞ്ഞാൽ വീണ്ടും അഡ്മിഷൻ കൊടുക്കുകയെന്നുള്ളതു് വളരെ പ്രയാസമുള്ള ഒരു കാര്യമാകുന്നു. രണ്ടു കൊല്ലത്തിനു മുൻപ് ഞാൻതന്നെ ഒരു കുട്ടിയെ അവിടെ പ്രവേശിപ്പിക്കുന്നതിലേക്കായി അയയ്ക്കുകയുണ്ടായി. അവിടത്തെ അഡ്മിഷൻ ക്ലോസ് ചെയ്തിരുന്നതുകൊണ്ട് ആ വിദ്യാർത്ഥിയെ അവിടെ പ്രവേശിപ്പിച്ചില്ല. കാര്യങ്ങളം മനസ്സിലാക്കിയതിനുശേഷം ഞാൻ സ്വയം സമാധാനപ്പെടുകയാണുണ്ടായതു്.

സർ, വർണ്ണവസമുദായത്തെപ്പറ്റിയാണെങ്കിൽ ബി. എ. ബി. എ. ആണേഴ്സ് മുതലായ ഉന്നതപരീക്ഷകളം പാസ്സായ ധാരാളം ആളുകളം ആ സമുദായത്തിലുണ്ട്. അതിനെക്കാളം താഴ്ന്നപടിയിലുള്ള പുലയർ, പറയർ, കുറവർ മുതലായ സമുദായങ്ങളിൽ അങ്ങനെ ഉന്നതവിദ്യാഭ്യാസമുള്ള ആളുകളം അധികം വളരെ കാണുകയില്ല. കുറവർസമുദായത്തിലാണെങ്കിൽ അതുംതന്നെയില്ല. അതുകൊണ്ടു് വിദ്യാഭ്യാസവിഷയത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഇത്തരം സമുദായങ്ങളിൽപ്പെട്ട കുട്ടികളെ എടുത്തതിനുശേഷം മറ്റു സമുദായങ്ങളിലുള്ള കുട്ടികളെ എടുക്കുന്ന രീതി നല്ലതാണെന്നാണ് എന്റെ അഭിപ്രായം.

MR. KAVIYOOR K. K. KOCHU KUNJU: ഒരു സമുദായം അവശസമുദായമാണോ എന്നു നിശ്ചയിക്കുന്നതു് എന്തെല്ലാം സാഹചര്യങ്ങളുടെ കുറവുകൊണ്ടാണെന്ന് മെമ്പർക്കു പറയുവാൻ കഴിയുമോ?

MR. P. C. ADICHAN:— ചോദ്യം ചോദിച്ച ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അതറിയാൻ കഴിയുന്നതുകൊണ്ട് ഇതിനുത്തരം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. KANNANTHODATH T. JANARDANAN NAIR :— ഈ തോതനുസരിച്ചു നോക്കുമ്പോൾ ബ്രാഹ്മണ സമുദായത്തിൽപ്പെട്ട ആളുകളും അവശസമുദായക്കാരായി കാണുകയില്ലേ?

MR. P. C. ADICHAN:— അതു് ബ്രാഹ്മണ സമുദായത്തിലെന്നല്ലാ എല്ലാ സമുദായത്തിലും കാണും. എന്നാൽ പുലയരുടെയും പറയരുടെയും കറവരുടേയും നില ഏതു തരത്തിലുള്ളതാണെന്നു് ഞാൻ പറയാതെ തന്നെ എല്ലാവർക്കും അറിയാൻ കഴിവുള്ളതാണു്. എന്നാൽ വർണ്ണവസമുദായത്തിന്റെ നില അതല്ല.

PRESIDENT: Order, order. I do not know whether it is either necessary or even expedient that these controversies between various communities should take place. It would only mean that the Backward Communities are already disunited in themselves. If, on the floor of the House and elsewhere, members of these communities are attacking one another either theoretically or practically, I do not think that the disunion will not affect the higher communities.

MR. P. C. ADICHAN:— സർ, ഞാൻ അങ്ങനെ താരതമ്യപ്പെടുത്തുക അല്ലാ ചെയ്തതു്. അവശസമുദായങ്ങൾ തമ്മിലുള്ള യോജിപ്പിനെ ഇല്ലായ്മ ചെയ്യണമെന്നും എനിക്കു വിചാരമില്ല. ഒരു ഡിപ്പാർട്ടുമെന്റു മേലധികാരിയുടെ അതേ വിശ്വസ്തനായ ഒരു മേലധികാരിയുടെ ഹരിജനബന്ധുവായസംരക്ഷകന്റെ നേക്കുള്ള വ്യക്തിപരമായ ചില ആരോപണങ്ങളെ ഞാൻ എതിക്കുകയാണു് ചെയ്തതു്.

സർ, ഈ സന്ദർഭത്തിൽ കറവർ സമുദായത്തിന്റെ അവശതകളെപ്പറ്റി ഒന്നു രണ്ടു വാക്കുകൾ പറയണമെന്നു ഞാൻ വിചാരിക്കുന്നു.

PRESIDENT: That matter has been brought to my special notice and I am looking into it. It need not be discussed in the House.

MR. P. C. ADICHAN— ബഹുമാനപ്പെട്ട ഗവണ്മെന്റിൽനിന്നും ഒരു ഹോസ്റ്റൽ തിരുവനന്തപുരത്തു നടത്തിവരുന്നുണ്ടു്. അവിടെ നാല കുട്ടികൾ താമസിക്കുന്നു. അതിലേക്കു് ൪൦൦ രൂപ പ്രതിവർഷം ചെലവാക്കുന്നു. നാഗർകോവിലിൽ ഉള്ള ഹോസ്റ്റലിൽ ഏഴു കുട്ടികളെ താമസിപ്പിക്കുന്നുണ്ടു്. അതിലേക്കു ൫൪൦ രൂപ ചെലവാക്കുന്നുമുണ്ടു്. കോട്ടയത്തുള്ള ഹോസ്റ്റലിൽ ഏഴു കുട്ടികൾ താമസിക്കുന്നു; ൫൪൦ രൂപ ചെലവാക്കുന്നു. ഇങ്ങനെ മൂന്നു ഹോസ്റ്റലുകളിലുംകൂടി വ്യ കുട്ടികളെ താമസിപ്പിക്കുന്നുണ്ടു്, പതിനായിരം രൂപ ചെലവാക്കുന്നുമുണ്ടു്.

സർ, ഈ കൂട്ടത്തിൽ കേവലം രണ്ടു കുട്ടികളെ മാത്രമാണു് ഈ മൂന്നു ഹോസ്റ്റലുകളിലുംകൂടി കറവ സമുദായത്തിൽനിന്നും പ്രവേശി

LIBRARY ARCHIVES Kerala Legislative Assembly

പ്പിച്ചിട്ടുള്ളത്. വിദ്യാഭ്യാസകാര്യത്തിൽ കറവസമുദായം ഇന്നും വളരെ പിന്നോക്കം കിടക്കുകയാണ്. ഇപ്പോൾ ബി. എ. മുതലായ പരീക്ഷ പാസായവർ കറവസമുദായത്തിൽ ഉണ്ടെന്ന് പറയുന്നു. എന്നാൽ അത് കറവസമുദായത്തിൽപ്പെട്ട ആളുകളല്ലാ, കാക്കാലസമുദായത്തിൽപ്പെട്ട ആളുകളാണ് എന്ന് വിനീതമായി ഞാൻ അറിയിക്കുന്നു. ഉദ്യോഗം കിട്ടുന്നതിനുള്ള സൗകര്യത്തിനുവേണ്ടി കാക്കാലൻ എന്ന് എഴുതി ബ്രാക്കറ്റിൽ കറവർ എന്ന എഴുതുകയാണ്. സർ, പതിനായിരം രൂപയോളം ഹോസ്റ്റൽ സംരക്ഷണത്തിനായി വിദ്യാഭ്യാസവകുപ്പിലേക്ക് കൊടുക്കുന്നുണ്ടെങ്കിലും അവശസമുദായ സംരക്ഷണാർത്ഥം ഗവണ്മെൻറു മാറ സംവ്യകൾ ചെലവാക്കുന്നുണ്ടെങ്കിലും കറവസമുദായത്തിൽനിന്നും രണ്ടു കുട്ടികളെ മാത്രമെ അവിടെ പ്രവേശിപ്പിച്ചിട്ടുള്ളൂ. കാളേജിൽ ചേരുന്നതിന് കുട്ടികൾഇല്ലാത്തതുകൊണ്ടാണെന്നും അല്ലാതെ അതു ഗവർമ്മെൻറിന്റെയോ സംരക്ഷകന്റെയോ കുറമല്ലായെന്നു അറിയിച്ചുകൊള്ളട്ടെ. അവശസമുദായാംഗങ്ങളുടെ കാളേജ് വിദ്യാഭ്യാസത്തിലേക്കായി വിദ്യാഭ്യാസവകുപ്പിനെ ഏൽപ്പിക്കുന്ന പണം ജനസംഖ്യാനുപാതികമായി വീതിച്ചു കാരോ സമുദായക്കാർക്കും അതിന്റെ ഭാഗം സിദ്ധിക്കത്തക്കവിധം കൊടുക്കണമെന്നും കാളേജ് വിദ്യാർത്ഥിയില്ലെങ്കിൽ അതേ സമുദായത്തിൽപ്പെട്ട താഴ്ന്ന ക്ലാസുകളിലെ വിദ്യാർത്ഥികൾക്കു തുക കൊടുക്കണമെന്നുമാണ് എന്റെ അഭിപ്രായം. അങ്ങനെ ചെയ്താൽ അഞ്ചോ കൊല്ലം കഴിഞ്ഞിട്ടെങ്കിലും കാളേജ് വിദ്യാഭ്യാസം നടത്തുന്ന കുറെ ആളുകളെങ്കിലും കറവർസമുദായത്തിൽ കാണുവാൻ കഴിയും. പെൺകുട്ടികളുടെ വിദ്യാഭ്യാസസൗകര്യത്തെ പറ്റി ഇവിടെ ചിലർ പറയുകയുണ്ടായി. കറവസമുദായത്തിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസമോ വളരെ വളരെ താഴ്ന്നു കിടക്കുകയാണ്. ആ നിലയും ഉയർത്തേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഹൈസ്കൂളുകളിലും മറ്റു സ്കൂളുകളിലും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ട സകല സൗകര്യങ്ങളും ഗവണ്മെൻറും അവശസമുദായസംരക്ഷകൻ അവർക്കും ചെയ്തുതരണമെന്നു അപേക്ഷിക്കുന്നു.

MR. K. KUNJU PANICKAR : സർ, പിന്നോക്കസമുദായത്തെ സംബന്ധിച്ചു ഇപ്പോഴത്തെ ഭരണാധികാരികളുടെയിരിക്കുന്ന ശ്രദ്ധ മറ്റ് ഏതു കാലത്തെക്കാളും കൂടുതലായിട്ടാണ് ഉള്ളത് എന്നെല്ലാവർക്കും അറിയാം. ഇപ്പോഴത്തെ പിന്നോക്കസമുദായ സംരക്ഷകനെ സംബന്ധിച്ചു അദ്ദേഹം പിന്നോക്ക സമുദായങ്ങൾക്കു വേണ്ടി ചെയ്യുന്ന സ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kunju Panickar.]

സഹായങ്ങളെ സംബന്ധിച്ചും ; എനിക്ക അൽപ്പം നേരിട്ട തന്നെ അറിവുണ്ട്. വിവിധ വിഭാഗങ്ങളിൽപ്പെട്ട പിന്നോക്ക സമുദായങ്ങളുടെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സംഘടനയുമായി എനിക്ക സാരമായ ബന്ധമുള്ളതുകൊണ്ട് തൽസംബന്ധമായ കാര്യങ്ങളിൽ ഇന്നത്തെ അവശസമുദായസംരക്ഷകനും ഞാനുമായി സമ്പർക്കപ്പെട്ടവാനുള്ള സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. പിന്നോക്കസമുദായ സമുദ്ധരണത്തിനു ഞങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുള്ള എല്ലാ കാര്യങ്ങളെയും അദ്ദേഹം കാര്യമായി ശ്രദ്ധിക്കുകയും അർഹതയും കഴിവുമുള്ള എല്ലാ സഹായങ്ങളും കഴിയുന്നതും വേഗത്തിൽ അദ്ദേഹം ചെയ്തു തരുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട അദ്ദേഹത്തെപ്പറ്റി നിഷ്പക്ഷ നിലയിൽ എനിക്ക പറയുവാനുള്ളത് വളരെ യോഗ്യതയായ നിലയിൽ അദ്ദേഹം സ്വകൃത്യനിർവഹണം ചെയ്യുന്നു എന്നുള്ളതാണ്. അദ്ദേഹത്തിന്റെ സ്വാധീനത്തിലുള്ള പരിമിതമായ പണം വിനിയോഗിച്ച് കാര്യക്ഷമമായി ഇതിൽ കൂടുതൽ ഭംഗിയായി പ്രവർത്തിക്കുവാൻ മറെറാരുദ്യോഗസ്ഥനെക്കൊണ്ട് സാധിക്കുമോ എന്നകൂടി സംശയമാണ്. വടക്കൻ തിരുവിതാംകൂറിൽ ഉള്ള അവശസമുദായാംഗങ്ങൾക്കു വിദ്യാഭ്യാസപരമായി സഹായങ്ങൾ നൽകുവാനായി അവിടെ ഒരു ഹോസ്റ്റൽ ഏർപ്പെടുത്തണമെന്നുള്ള കാര്യം ഞങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഉടൻതന്നെ അദ്ദേഹം വടക്കൻ തിരുവിതാംകൂറിൽ കോട്ടയം സെൻറററായിട്ടും തെക്കൻ തിരുവിതാംകൂറിൽ നാഗർകോവിൽ സെൻറററായിട്ടും ഓരോ ഹോസ്റ്റൽ ഈ സ്കൂൾ വർഷത്തിൽ ഉപയോഗിക്കത്തക്ക വിധം ഏർപ്പെടുത്തുകയും ചെയ്തു. ഏറെറവും യോഗ്യനായ ഒരു ഉദ്യോഗസ്ഥനാണ് ഇന്നത്തെ അവശസമുദായ സംരക്ഷകനെന്നു എനിക്ക ധൈര്യമായി പറയുവാൻ കഴിയും.

MR. P. VIVEKANANDAM: Sir, listening to the remarks made by the honourable member, Mr. Kochukunju, the mover of the cut motion, I am reluctantly constrained to make these observations. Criticisms both vituperative and laudatory have been pouring forth from certain members regarding the activities of the Protector of Backward Communities. But I can say from the very outset that his attitude towards the backward communities in general has been very satisfactory. Mr. Kochukunju has been alleging that the Protector has torn away a certain letter by way of recommendation to the Protector of Backward Communities. But I do not know whether Mr. Kochukunju was actually present on the occasion or whether he actually narrated the version of the student who took the letter. Now, Sir, it was pointed out by Mr. Kochukunju that a man who has proper knowledge of the members of the Backward Communities and their needs must be

LIBRARY ARCHIVES Kerala Legislative Assembly

appointed as Protector of Backward Communities. I can assure you, Sir, and the honourable members that Mr. Poduval, having a wide knowledge of things and matters, and having come across the needs and wants of the backward communities in general—I doubt whether there will be anything in his actions which will jeopardize the interests of the backward communities. Under the able guidance of a noble Dewan whose intellectual equipment if intrinsically viewed is infinitely superior to many of his predecessors, I think the interests of the backward communities will not in any way be stunted. Here again, as in the case of other departments, the Dewan himself is directing the department. While doing so, let me allude to certain other aspects which deserve attention in this connection.

Mr. Poduval had occasion to come to Karkad, a villege near Suchindram. While there, he went into every hut and saw every man and woman in order to know their conditions. He entered every house, though untidy in certain cases, and took pains to enquire about their income, mode of living and so many other things. In the light of these things, if you say that the protector is a man who does not know the needs and wants of the people, it is something far from satisfactory. Again as regards the educational concessions extended by Government, I think he holds the scale even between the various communities.

PRESIDENT : On the whole I do not think it is necessary to recommend any one to Protector of the Backward Communities. If any complaint against him reaches Government, Government will go into it most meticulously. So far as Government have not received any complaint, let us confine ourselves to particular recommendations which honourable members have in view.

MR. P. VIVEKANANDAM : As regards educational concessions, books and stipends are being given to them. But for this sympathetic attitude towards the backward communities, I doubt whether he would have taken this action. (*President's Bell.*)

PRESIDENT : The honourable member need not travel over personal allegations which have not been received by Government. But if there are any specific allegations which the honourable member might deal with now, he may do so. Otherwise he might claim notice.

MR. R. VASUDEVA PODUVAL : സർ, ബഹുമാനപ്പെട്ട മെംബർ മി. കൊച്ചുകുഞ്ഞു കൊണ്ടുവന്നിട്ടുള്ള ഖണ്ഡനോപക്ഷേപത്തെപ്പറ്റി എനിക്കു രണ്ടു വാക്കു പറയുവാനുണ്ട്. ബഹുമാനപ്പെട്ട മെംബർ പ്രതിനിധീകരിക്കുന്ന സമുദായം പിന്നോക്കസമുദായസംരക്ഷണ വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങളുടെ പട്ടികയിൽ പെട്ട തന്നല്ല എന്നു ഞാൻ ആദ്യമായി പറഞ്ഞുകൊള്ളട്ടെ. അങ്ങനെ പിന്നോക്ക സമുദായ സംരക്ഷണ വകുപ്പിന്റെ പട്ടികയിൽ പെടാത്ത സമുദായങ്ങൾക്ക് പിന്നോക്ക സമുദായങ്ങൾക്കു നീക്കിവച്ചിട്ടുള്ള...

LIBRARY ARCHIVES Kerala Legislative Assembly

MR. D. C. JOSEPH: May I know from the honourable member the population of the Vaenava community?

MR. R. VASUDEVA PODUVAL: Sir, I claim notice. ബഹുമാനപ്പെട്ട മെംബർ പ്രതിനിധീകരിക്കുന്ന സമുദായം പിന്നോക്ക സമുദായത്തിൽപ്പെടാത്തിടത്തോളം കാലം പിന്നോക്ക സമുദായ സംരക്ഷണവകുപ്പിൽ വച്ചിട്ടുള്ള തുകയിൽ നിന്നും ഏതെങ്കിലും ആനുകൂല്യം ചെയ്യാൻ എനിക്കു ശക്തിയുണ്ടാവുകയില്ല. അങ്ങനെ ചെയ്യുന്നതു് നീതിക്കും ന്യായത്തിനും സത്യത്തിനും വിരുദ്ധമാണു്. അങ്ങനെയുള്ള ഒരു സമുദായത്തിൽപ്പെട്ട ഒരാളിന് ആനുകൂല്യം ചെയ്തുകൊടുക്കുന്നതിനു ശുപാർശയും കൊണ്ടു വരുമ്പോൾ അതുകൊണ്ടു പ്രയോജനമുണ്ടാകുന്നില്ലെന്നു കണ്ടാൽ അതിൽ ബഹുമാനപ്പെട്ട മെംബർക്കു് പരിതാപമോ സഹതാപമോ കാലുഷ്യമോ തോന്നിയിട്ടുകാര്യമില്ല. ഇവിടെ ചില സമുദായങ്ങളിൽപ്പെട്ട ചില അംഗങ്ങളുടെ പേരുകളെപ്പറ്റി പറയുകയുണ്ടായി. ഒരു മി. കെ. ആർ. നാരായണൻ ഒരു സ്പെഷ്യൽ കേസായിട്ടാണു ഹരിജനഹോസ്റ്റലിൽ പ്രവേശനം കൊടുത്തിട്ടുള്ളതു്. ഗവണ്മെൻറിന്റെ പ്രത്യേക ഓർഡർ അനുസരിച്ചാണു് അങ്ങനെ ചെയ്തിട്ടുള്ളതും. അല്ലാതെ ആ വിദ്യാർത്ഥി പരവ സമുദായത്തിൽപ്പെട്ട എന്നുള്ളതുകൊണ്ടല്ലാ. പരവസമുദായം എന്നു പറയുന്നതു് ബഹുമാനപ്പെട്ട മെംബർ പ്രതിനിധീകരിയ്ക്കുന്ന വണ്ണവസമുദായത്തിൽപ്പെട്ടതായി ഞാനറിയുന്നില്ല. പട്ടികയിൽ വിവരിക്കുന്ന അവശസമുദായത്തിൽപ്പെട്ടവരും അർഹതയുള്ളവരുമായ വിദ്യാർത്ഥികളും വരുമ്പോൾ ഗവണ്മെൻറു് അവർക്കു വേണ്ട ആനുകൂല്യങ്ങളും ചെയ്തുകൊടുക്കാറുണ്ടു്. അപ്രകാരം ആനുകൂല്യങ്ങളും ചെയ്തുകൊടുക്കാതിരുന്നതായി ഒരു പരാതിയും ഇതുവരെ എനിക്കു ലഭിച്ചിട്ടില്ല. അവശസമുദായ വകുപ്പിനെ നിയന്ത്രിക്കുവാൻ ഒരു ഉപദേശകസമിതി വേണമെന്നു ബഹുമാനപ്പെട്ട മെംബർ പറയുകയുണ്ടായി. ഈ വകുപ്പിനെ ഉപദേശിക്കുവാൻ ഇപ്പോൾ ഒരു ഉപദേശകസമിതി ഉണ്ടു്. ബഹുമാനപ്പെട്ട മെംബർ അതിൽ ഒരു മെംബറാണെന്നുള്ള സത്യം സ്മരിക്കുമല്ലോ. ഹരിജനോദ്ധാരണത്തിനു ഒരു ഫാമിടെം ആഫീസറും ഒരു ഫാഫ്ടെം ആഫീസറും ആരായാലും തരക്കേടില്ലാ, ജോലി ചെയ്യാൻ ഉൽസാഹവും ആത്മാർത്ഥതയും സ്വഭാവശുദ്ധിയും ഉള്ള ആളിനെകിട്ടുവാനാണു വിഷമം. ആളുവില കല്ലുവിലയെന്നാണല്ലൊ പറയുന്നതു. അതുകൊണ്ടു സ്വഭാവശുദ്ധിയും സ

LIBRARY ARCHIVES Kerala Legislative Assembly

ന്യായവും യോഗ്യതയും ഉള്ള ഒരാളിനെ കിട്ടിയാൽ അദ്ദേഹത്തെ അവശ്യമുദ്യോഗസംരക്ഷണജോലി ഏൽപ്പിക്കുവാൻ ഗവണ്മെൻറു സന്തോഷം തയ്യാറാണ്.

PRESIDENT: Before putting this motion to vote, I wish to say a few words. I deplore that any statements should have been made by way of a personal attack in a matter which does not admit of such attack. If the honourable member, Mr. Kochu Kunju, recommended for admission into a hostel a person not coming within the communities rightly or wrongly included in the list of backward communities by Government it was an improper recommendation. However improper the recommendation was, I take it that the Protector of Backward Communities, like other officers of the State, ought to have given due regard to politeness and decorum of ordinary life. If he had fallen away from such standards, as was the suggestion made by the honourable member, that matter should have been very pointedly brought to the notice of Government; because the conduct of Government servants *vis a vis* the public, reflects upon the character of the Government and any lack of politeness or courtesy will, so long as I shall occupy this Chair, be regarded by me as a personal humiliation and a slight offered to the Head of the Government.

A great deal was said about the personal aspects of the matter and whether a particular Protector of Backward Communities is fulfilling his dutiss satisfactorily or otherwise. Let me make it pointedly clear to this House that if Government could secure one from the ranks of the backward communities possessing the necessary equipment, talents, enthusiasm and organising capacity, Government would have no hesitation in selecting him as a proper Head of the Department. That would be the policy which would guide the Government. Government are glad to observe that amongst these communities there are coming up young men of special talents. Let us hope that the time will soon come when they themselves will administer the Department intended for their benefit.

Having said that, let me say this. There is no substance in the contention that Mr. Poduval is doing other duty, and therefore he is unable to or unwilling to discharge or incapable of discharging his duties as Protector. His work is mainly that of an Archaeologist. As an Archaeologist, he has to go to the various corners of the State, the highways and byways, the many nooks and corners. It was considered by Government that there was no essential incongruity or inappropriateness in a person discharging those duties combining the duties of the Protector of Backward Communities, whose work also takes him to every corner of the country. It is not my usual habit, as Head of the Administration, to distribute praises lavishly. But, I am, having regard to the attack that has been levelled upon Mr. Poduval, not only entitled, but obliged to say that the Government have found in him a faithful and a zealous servant.

The motion was, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Motion 275.

MR. N. NARAYANA KURUP: സർ, ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

"To reduce the total allotment of Rs. 62,238 under Demand XXIII by Rs. 10

To point out the necessity of establishing more colonies for the backward communities at least one in every taluk and urge for free education of the students of those communities.

സർ, അവശസമുദായാംഗങ്ങൾക്ക് ഓരോ താലൂക്കുകളിലും ഓരോ കോളനികൾ വീതം സ്ഥാപിക്കുന്നതിനും പുറമേ അവരുടെ വിദ്യാഭ്യാസം സൌജന്യമായി നടത്തണമെന്നുള്ള കാര്യംകൂടി പ്രതിപാദിക്കുന്നതിനാണു ഈ ഉപക്ഷേപം ഞാൻ ഇവിടെ ഹാജരാക്കുന്നതു്. അവശതയനുഭവിക്കുന്നതായി മണ്ണാൻ, വേലൻ, പതിയൻ തുടങ്ങി പല വിഭാഗക്കാർ ഈ നാട്ടിലുണ്ടെങ്കിലും ഏറ്റവും അവശതയനുഭവിക്കുന്ന പറയർ, കുറവർ, പുലയർ ഈ മൂന്നു സമുദായങ്ങളുടേയും കാര്യത്തെപ്പറ്റി പറയണമെന്നു മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളു. ഗവണ്മെൻറിന്റെ കുമ്പ്രവൃദ്ധമായ പ്രവർത്തികൾകൊണ്ടു ഈ സമുദായങ്ങൾ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെങ്കിലും അവർക്കു ചെയ്യുന്നതായ സഹായം കുറേക്കൂടി കൂടുതലായി മറ്റു സമുദായങ്ങളിലേ ജനങ്ങളോടൊപ്പം അവരേയും മനുഷ്യരാക്കിതീർക്കാൻ ഗവണ്മെൻറു കഴിയുന്നതെല്ലാം, മടിശ്ശീല മുറിക്കിക്കൊട്ടാതെ ചെയ്യണമെന്നാണു എന്റെ അഭിപ്രായം. അമ്പലപ്പുഴ, ചേർത്തല ഈ രണ്ടു താലൂക്കുകളിലെ സ്ഥിതിയെപ്പറ്റി ഏതാനും സംഗതികൾ വിവരിക്കാമെന്നു ഞാനുദ്ദേശിക്കുന്നു. നമ്മുടെ അധ്യക്ഷതസംരക്ഷകനാണെങ്കിൽ നടപ്പിലോ, സംസാരത്തിലോ, കാര്യത്തിലോ യാതൊരു ഉദ്യോഗപ്രതാപവും കാണിക്കാത്ത ഒരാളാണു്. അങ്ങനെയുള്ള ഒരുദ്യോഗത്തെക്കുറിച്ചു് അസൂയാകരമായ ചില വാക്കുകൾ ഇവിടെ നടന്നു. ദിവാൻപ്രസിഡൻറു അവർകളുടെ ഈ ഭരണകാലത്തു് യാതൊരുഅവശസമുദായങ്ങളോടും പക്ഷപാതംകൂടാതേയും നീതി അനുസരിച്ചും അദ്ദേഹം പ്രവർത്തനങ്ങൾ നടത്തിവരുന്നു എന്ന അഭിപ്രായക്കാരനാണു് ഞാൻ. കഷ്ടകാലംകൊണ്ടോ, അവിടത്തെ വല്ല സംഗതിയും ചെയ്താൽ പരാതിയുണ്ടാകുമെന്നു ശങ്കിച്ചോ, പല പ്രാവശ്യവും അമ്പലപ്പുഴയിലേ ഒരു സംഗതിയെപ്പറ്റി ആ നാട്ടുകാരനായ അദ്ദേഹത്തോടു പറഞ്ഞതിൽ ഇതുവരേ യാതൊന്നും പ്രവർത്തിച്ചിട്ടില്ല എന്നു പരാതിയുണ്ടു് എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത്. ആ താലൂക്കിൽ വെള്ളത്താൽ ചുറ്റപ്പെട്ട ഏഴ പകുതികളുണ്ട്. ആറുമാസവും വെള്ളത്തിനടിയിലാണ് ഈ സ്ഥലങ്ങൾ കിടക്കുന്നത്. ഇവർക്കു താമസിക്കുന്നതിനു ഏറ്റവും താഴ്ന്ന പുരയിടമെ കിട്ടുകയുള്ളു. ഇതുയും താഴ്ന്ന സ്ഥലത്തു താമസിക്കുന്നകാര്യം വളരെ പ്രയാസമാണ്. എന്നാൽ അവിടെ താമസിക്കുന്ന അവശസമുദായങ്ങൾക്ക് വർഷകാലങ്ങളിൽ സഞ്ചരിക്കുന്നതിന് ഒരു വള്ളംപോലുമില്ല. വെള്ളപ്പൊക്കക്കാലത്തു ഈ സാധുക്കൾക്ക്, പുരകളിൽപോലും താമസിക്കാൻ നിവ്വാഹമില്ല. വള്ളമാണെങ്കിൽ സ്വന്തമായിട്ടില്ലതാനും. അവർ അനുഭവിക്കുന്ന ദുരിതങ്ങൾ കണ്ടറിയേണ്ടതാണ്. അവരുടെ ജീവിതം മുഴുവൻ, അവർ താമസിക്കുന്ന സ്ഥലങ്ങളുടെ ഉടമസ്ഥന്മാരെ ആശ്രയിച്ചാണിരിക്കുന്നത്. അതുകൊണ്ട് ക്രൂരകൃത്യം പോലും വഴക്കുപറയാൻ അവർക്കു നിവൃത്തിയില്ല. നെടുമുടി എന്ന സ്ഥലത്തു് അഞ്ചു് ഏക്കർ സ്ഥലം വെറുതേ കിടപ്പുണ്ട്. ആറന്മുളയിൽ പുരയിടമായിക്കിടക്കുന്ന ആ സ്ഥലം നിരുപയോഗമായിക്കിടക്കുന്നു. അതു് ദേവസ്വംവക സ്ഥലമാണെന്നു് പറയുന്നു. ആ സ്ഥലത്തു് ഫ ൦ ൦ കുടികളോളം ഉണ്ടാക്കാൻ സൗകര്യമുണ്ട്. ആ സ്ഥലത്തു് ഒരു കോളനി ഉണ്ടാക്കി അവിടെ താമസിക്കുന്ന വക്കാവശ്യത്തിനു ഒരു വള്ളവും ഗവണ്മെൻറിൽനിന്നും കൊടുത്തു് ഈ സാധുക്കളെ രക്ഷിക്കണം. ഗവണ്മെൻറു സ്ഥലം വിട്ടുകൊടുത്താൽ മതി. കൂടുതൽ പണം കൊടുക്കാൻ സൗകര്യമില്ലാത്തപക്ഷം. കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനുള്ള് ചെലവു പൊതുജനങ്ങളിൽനിന്നു നിവ്വഹിക്കാമെന്നു ഞാൻ ഏൽക്കാൻ തയ്യാറാണ്. ഈ അഞ്ചു ഏക്കറിൽ രണ്ടേക്കർ സ്ഥലമെങ്കിലും ഈ അവശസമുദായങ്ങൾക്ക് വിട്ടുകൊടുത്തു കോളനിയുണ്ടാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ ഹാജരാക്കുന്നു.

MR. R. VASUDEVA PODUVAL: സർ, ബഹുമാനപ്പെട്ട മെമ്പർ മി. നാരായണക്കുറുപ്പ്, പിന്നോക്കസമുദായങ്ങൾക്കു കൂടുതൽ കോളനികൾ വേണമെന്നു ആവശ്യപ്പെടുകയും അങ്ങനെ പറഞ്ഞ കൂട്ടത്തിൽ അമ്പലപ്പുഴയെ സംബന്ധിച്ചിടത്തോളം പിന്നോക്കസമുദായങ്ങളോടു സംരക്ഷകൻ വേണ്ടതുപോലെ പെരുമാറുന്നില്ലെന്നും പ്രസ്താവിച്ചു. അമ്പലപ്പുഴ പുറക്കാട് എന്ന സ്ഥലങ്ങളിൽ അവശസമുദായങ്ങൾക്കായി ൫ ൦ ഏക്കർഭൂമി ഗവണ്മെൻറു നീക്കിവെച്ചിട്ടുണ്ട്. നെടുമുടിപ്രവൃത്തിയിൽ ദേവസ്വത്തിന്റെ അധീനതയിൽ ഉള്ള സ്ഥലം കൂടി എടുത്തു കോളനി സ്ഥാപിക്കണമെന്നു പറയുകയുണ്ടായി. ദേവസ്വം ഭൂമി കിട്ടാൻ പ്രയാസമായതുകൊണ്ട് അ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Vasudeva Poduval.]

വിടെ ഒരു കോളനി സ്ഥാപിക്കാതിരുന്നിട്ടുള്ളതാണ്. പിന്നോക്കസമുദായങ്ങളുടെ ആവശ്യത്തിനു് ഇപ്പോൾ സഖിവോത്തമപുരം, പാറകോട്ട്, നരിക്കുളം, വെളിയത്തുനാട്ട്, ഈ സ്ഥലങ്ങളിൽ കോളനികൾ സ്ഥാപിച്ചിട്ടുണ്ട്. അതിനും പുറമെ രാജാക്കമംഗലത്തു ഫാക്കർ, ർ വ സെൻറും ദർശനംകോപ്പിൽ ൻൻ സെൻറും, കൃഷ്ണൻപുത്തൂർ ഫാക്കർ നസെൻറും, പുറക്കാട്ട ൭ ൦ ഏക്കറും, വെളിയത്തു് ൭ ൦ ഏക്കറും ഭൂമികൾ ഗവണ്മെൻറിൽനിന്നും അവശസമുദായങ്ങൾക്കു് അനുവദിച്ചിട്ടുണ്ട്. അതിനും പുറമേ ഇവരെ ഉദ്ദേശിച്ചു നിശാപാഠശാലകളും കുടിപ്പള്ളിക്കൂടങ്ങളും നടത്തിവരുന്നു. ക്രമാതെ കുടിൽവ്യവസായം വികസിപ്പിക്കുന്നതിനുവേണ്ടി അവശസമുദായങ്ങളിൽനിന്നും മൂന്നു കുട്ടികളെ ഫാൻഡ്മെയിഡ്പേപ്പർ ഉണ്ടാക്കുന്നതിനുള്ള പരിശീലനത്തിനായി അയച്ചിട്ടുണ്ട്. ഈ തരത്തിലുള്ള പ്രവർത്തനങ്ങൾകൊണ്ടു കോളനിയുടെ ഭാവി ഏറ്റവും ശുഭകരമാണെന്നു എനിക്കു പ്രസ്താവിക്കാൻ കഴിയും.

MR. N. NARAYANA KURUP: സർ, ഗവണ്മെൻറു ഭാഗത്തുനിന്നും ലഭിച്ചുന്നായ മറുപടി തൃപ്തികരമല്ലാതെയാണു കാണുന്നതു്. വേമ്പനാട്ടു കായലിൽ ൫ ൦ ഏക്കർ സ്ഥലം കൊടുത്തിട്ടുണ്ടെന്നു പറയുന്നതുപോലെയുള്ള ഈ സമാധാനം കൊണ്ടു തൃപ്തിപ്പെടാൻ ഞാൻ തയ്യാറില്ല. വിട്ടുകൊടുത്ത സ്ഥലം താഴ്ചയുള്ള വെള്ളക്കെട്ടാണു്. അവിടെ കൃഷിചെയ്യാൻപോലും സാദ്ധ്യമല്ല. സാധിക്കുകയാണു നികത്തിത്രമാദിക്കണമെങ്കിൽ സെൻറിനു കുറഞ്ഞതു് ഇരുപതു രൂപാ വേണം. അതിനിവർക്കു പണമില്ല. വല്ലവരുടെയും നിലങ്ങളിൽനിന്നും കുട്ട മോഷണം ചെയ്തുകൊണ്ടുവന്നു നികത്തുമെന്നു വെച്ചാൽ അടികൊണ്ടു പുറം പൊളിഞ്ഞുപോകും. ദേവസ്വം സ്ഥലമാണെങ്കിലും ഗവണ്മെൻറു വിചാരിച്ചാൽ കിട്ടും. ആസ്ഥലം വിട്ടുകൊടുത്തു കോളനിയുണ്ടാക്കാൻ ഗവണ്മെൻറിൻെറ ദയാദൃഷ്ടി പതിയണമെന്നപേക്ഷിച്ചുകൊള്ളുന്നു. ഉപേക്ഷാപാ പ്രസ്സു ചെയ്യുന്നില്ല.

The question that Government be granted a sum of Rs. 62,238 under Demand XXIII—Uplift of Backward Communities, was put and carried.

The motion was passed and the grant was made.

DEMAND—XXIV - MEDICAL.

DR. S. JOHN: I move for a grant of Rs. 13,05,995 under Demand XXIV—Medical.

MR. PULIYOOR T. P. VELAYUDHAN PILLAI: I move for the reduction of Re. 1 from the allotment of Rs. 2,200 for travelling allowance.

LIBRARY ARCHIVES Kerala Legislative Assembly